# ആ വിധി പുനഃപരിശോധിക്കണം

**സ്വതന്ത്രവും** നിഷ്പക്ഷവും നിർഭയവുമായി പ്രവർത്തിക്കുന്ന നീതിന്യായസ്ഥാപനങ്ങളെന്ന പേരിൽ പ്രസിദ്ധമാണ് ഇന്ത്യയിലെ നീതിപീഠങ്ങൾ. ബൂർഷ്വാ കോടതി, മുതലാളിത്തത്തിന്റെ മർദനോപാധി എന്നൊക്കെ കമ്യൂണിസ്റ്റുകാർ ആക്ഷേപിക്കാറുണ്ടെങ്കിലും നീതിനിഷേധിക്കപ്പെടുന്ന പീഡിതരുടെ അവസാനത്തെ പ്രതീക്ഷ ഇപ്പോഴും നമ്മുടെ കോടതികൾ തന്നെയാണ്. അഴിമതിക്കാർക്കും അതിക്രമകാരികൾക്കുമെതിരെ പീഡിതരുടെയും പാവങ്ങളുടെയും തണലായി നിലകൊള്ളാൻ വലിയൊരളവോളം അവക്കു കഴിഞ്ഞിട്ടുണ്ട്. എന്നാൽ ചിലപ്പോൾ നിയമത്തിന്റെ തലനാരിഴകൾ കീറി കോടതികൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മർദിതരെ അവഗണിച്ച് മർദകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതായിത്തീരുന്നുമുണ്ട്. ഈയിടെയായി ഇത്തരം വിധികൾ അടിക്കടി വന്നുകൊണ്ടിരിക്കുന്നത് ആശങ്കാജനകമാണ്. പാർലമെന്റ് ആക്രമണകേസിൽ പ്രതിയായ അഫ്സൽ ഗുരുവിന്റെ വധശിക്ഷ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള സുപ്രീംകോടതി വിധി മനുഷ്യാവകാശ പ്രവർത്തകരെ ഒട്ടൊന്നുമല്ല അസ്വസ്ഥരാക്കിയിട്ടുള്ളത്. കേരളത്തിൽ വിദ്യാഭ്യാസ കച്ചവടം നിയന്ത്രിക്കാൻ സംസ്ഥാന സർക്കാർ കൊണ്ടുവന്ന നിയമം റദ്ദാക്കിക്കൊണ്ടുള്ള കേരള ഹൈക്കോടതിയുടെ വിധിയും കോടതികളോട് മതിപ്പു വളർത്തുന്നതായിരുന്നില്ല. നീതിപീഠം മർദകരോട് സമരസപ്പെടുന്നുവോ എന്ന ആശങ്കക്ക് ആക്കം കൂട്ടുന്നതാണ് ഈ ജനുവരി 7-ന് സുപ്രീംകോടതി പുറപ്പെടുവിച്ച സ്ത്രീധനപീഡനം സംബന്ധിച്ച വിധി.

മഹാരാഷ്ട്രയിലെ സഞ്ജ്ഖേഡ നിവാസിനി ബീമാഭായി എന്ന യുവതി വിഷം കഴിച്ച് ആത്മഹത്യ ചെയ്യാനിടയായ സംഭവത്തിൽ പ്രാദേശിക കോടതി അവരുടെ ഭർത്താവ് അപ്പാസാഹിബിനെ സ്ത്രീധന പീഡന കുറ്റത്തിന്റെ പേരിൽ ഏഴു വർഷം കഠിനതടവിനു ശിക്ഷിച്ചിരുന്നു. മുംബൈ ഹൈക്കോടതി ഈ വിധി ശരിവെക്കുകയും ചെയ്തു. കീഴ്ക്കോടതിയുടെയും ഹൈക്കോടതിയുടെയും വിധി റദ്ദാക്കിക്കൊണ്ട് സുപ്രീം കോടതിയുടെ ജസ്റ്റിസ് ജി.പി മാഥൂർ, ആർ.സി. രവീന്ദ്രവർമ എന്നിവരടങ്ങിയ ബഞ്ച് ഉത്തരവിട്ടിരിക്കുകയാണ്. ബീമാബായിയുടെ ആത്മഹത്യയിൽ അപ്പാസാഹിബ് കുറ്റക്കാരനല്ലെങ്കിൽ, അഥവാ കുറ്റം തെളിയിക്കപ്പെട്ടിട്ടില്ലെങ്കിൽ കോടതി അയാളെ വെറുതെ വിട്ടതിൽ ആർക്കും പരാതിയില്ല. ഉണ്ടാകേണ്ട കാര്യമില്ല. പക്ഷേ വിധിന്യായത്തിൽ സ്ത്രീധനത്തെക്കുറിച്ച് ന്യായാധിപന്മാർ നടത്തിയ ചില പരാമർശങ്ങൾ ഉത്കണ്ഠാജനകമാണ്.

ഭർത്താവും ഭർതൃമാതാവും സ്ത്രീധനത്തിന്റെ പേരിൽ തന്നെ നിരന്തരം പീഡിപ്പിക്കുന്നുണ്ടെന്ന് മകൾ പരാതിപ്പെടാറുണ്ടായിരുന്നതായി ബീമാഭായിയുടെ മാതാപിതാക്കൾ ബോധിപ്പിച്ച മൊഴി തള്ളിക്കളഞ്ഞുകൊണ്ട് കോടതി പറയുന്നത് 'അത്യാവശ്യ വീട്ടുകാര്യങ്ങൾ നടത്താനും വളം വാങ്ങാനുമാണ് അപ്പാസാഹിബ് ഭാര്യയോട് പണമാവശ്യപ്പെട്ടതെന്ന് വ്യക്തമാകുന്നു' എന്നാണ്. സാമ്പത്തിക ഞെരുക്കമനുഭവപ്പെടുന്ന അത്യാവശ്യഘട്ടത്തിലോ അടിയന്തരകാര്യനിവൃത്തിക്കായിട്ടോ ഭാര്യവീട്ടിൽനിന്ന് പണം ആവശ്യപ്പെടുന്നത് നിരോധിച്ച സ്ത്രീധനത്തിന്റെ കണക്കിൽ പെടുത്താനാവില്ല എന്നാണ് സുപ്രീംകോടതിയുടെ തീർപ്പ്.

ഭർത്താവിനു പണത്തിന് മുട്ടുവന്നാൽ ഭാര്യവീട്ടുകാരോട് ചോദിക്കാൻ അവകാശമുണ്ടെന്നും ഭാര്യവീട്ടുകാർ അതു നൽകേണ്ടതാണെന്നും ഇല്ലെങ്കിൽ ഭാര്യ പീഡിപ്പിക്കപ്പെടുകയും സഹികെട്ട് ജീവനൊടുക്കുകയും ചെയ്താൽ അതിന് ഭർത്താവ് ഉത്തരവാദിയല്ലെന്നും തൽപര കക്ഷികൾ ഈ വിധിയെ വായിക്കാനുള്ള സാധ്യത ഏറെയാണ്. സ്ത്രീധന നിരോധ നിയമം നിലവിൽവന്നശേഷം 'സ്ത്രീധനം' എന്ന് എഴുതിക്കൊടുത്ത് ആരും അത് വാങ്ങാറില്ലെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? കല്യാണത്തിന് മുമ്പുതന്നെ നിശ്ചയിച്ചുറച്ച സ്ത്രീധനത്തുക വരന്റെ വീട്ടിലെത്തിക്കുകയാണ് പതിവ്. അതിന് റസീറ്റോ വൗച്ചറോ ഒന്നുമുണ്ടാവില്ല. നേരത്തേ കിട്ടിയ സ്ത്രീധനം മതിയായില്ല എന്ന് വരനും വീട്ടുകാർക്കും തോന്നുമ്പോഴാണ് കല്യാണശേഷം ഭാര്യവീട്ടുകാരെ അലട്ടലും ഭാര്യാ പീഡനവും തുടങ്ങുന്നത്. ഇത്തരം സംസ്കാരശൂന്യരായ ആർത്തിപ്പണ്ടാരങ്ങൾക്ക് നല്ലൊരു ഏണിയാണ് സുപ്രീംകോടതി വെച്ചുകൊടുത്തിരിക്കുന്നത്.

ഒരാൾക്ക് പണത്തിന് മുട്ടുവന്നാൽ വായ്പയായോ സൗജന്യമായോ സ്വന്തം മാതാപിതാക്കളോട് ചോദിക്കാം, മറ്റു ബന്ധുക്കളോട് ചോദിക്കാം, സുഹൃത്തുക്കളോട് ചോദിക്കാം. അതുപോലെ ഭാര്യവീട്ടുകാരോടും ചോദിക്കാം. പിതാവോ ബന്ധുക്കളോ സുഹൃത്തുക്കളോ ഭാര്യവീട്ടുകാരോ പണം കൊടുക്കാതിരുന്നാൽ ഭാര്യ പീഡിതയാവുകയോ ആത്മഹത്യക്കൊരുമ്പെടുകയോ ചെയ്യേണ്ടതില്ല. അത്തരം സൗഹാർദപരമായ പരസ്പര സഹായങ്ങൾ സാധാരണ വധൂവരന്മാരുടെ കുടുംബങ്ങളിൽ നടന്നുവരുന്നുമുണ്ട്. ഭർത്താവിന്റെ ആവർത്തിച്ചുകൊണ്ടിരിക്കുന്നതും, ഭാര്യവീട്ടുകാർ നിവർത്തിച്ചില്ലെങ്കിൽ ഭാര്യ ആത്മഹത്യ ചെയ്യേണ്ടിവരുന്നതുമായ അടിയന്തരാവശ്യങ്ങളുണ്ടല്ലോ, അത് നിരോധിക്കപ്പെട്ട സ്ത്രീധനാവശ്യം തന്നെയാണ്.

മലപ്പുറം ജില്ലയിൽ 300 പവനും 40 ലക്ഷം രൂപയും സ്ത്രീധനം കൊടുത്ത് കെട്ടിച്ചയച്ച പെൺകുട്ടി ആത്മഹത്യ ചെയ്ത ദാരുണ സംഭവം കേരളീയർ മറക്കാറായിട്ടില്ല. ഉള്ളതു പറയണമല്ലോ, സ്ത്രീധനം എന്ന് വൗച്ചർ ഒപ്പിട്ടു കൊടുത്ത് അരക്കാശ് ഈ വരൻ വാങ്ങിയിട്ടില്ല. 300 പവൻ പിതാവ് മകൾക്കു കൊടുത്ത ആഭരണങ്ങളാണ്. 10 ലക്ഷം വധൂവരന്മാർക്ക് സഞ്ചരിക്കാൻ കാറായിട്ടും. 40 ലക്ഷം വരന്റെ പേരിൽ ഒരു ബിസിനസ് സ്ഥാപനം വാങ്ങി അതു നടത്താൻ അയാളെ ഏൽപിച്ചതാണ്. എന്നിട്ടും മരുമകൻ അടിയന്തര കാര്യ നിവൃത്തിക്കായി ഭാര്യാപിതാവിനെ നിരന്തരം മുട്ടിക്കൊണ്ടിരുന്നു. ഒടുവിൽ സഹികെട്ട് മകൾ ഒരുതുണ്ടം കയറിൽ ജീവിതമവസാനിപ്പിക്കുകയായിരുന്നു. ഈ ആത്മഹത്യയിൽ ഭർത്താവിന് ഒരു പങ്കുമില്ലെന്നോ?!

സുപ്രീംകോടതിയുടെ പുതിയ വിധി, വിവാഹശേഷവും വരന് ഭാര്യവീട്ടുകാരെ സ്ത്രീധനത്തിനു വേണ്ടി അലട്ടാൻ പഴുതു തുറന്നുകൊടുത്തിരിക്കുകയാണ്. സ്ത്രീധന നിരോധ നിയമത്തെ ഫലത്തിൽ ദുർബലപ്പെടുത്തുന്ന ഈ വിധി ബഹുമാനപ്പെട്ട കോടതി പുനഃപരിശോധിക്കേണ്ടതാണ്. കോടതി സ്വന്തം നിലയിൽ അതിനു മുതിരുന്നില്ലെങ്കിൽ, സ്ത്രീധനം എന്ന തിന്മക്കെതിരെ സമൂഹത്തെ ബോധവൽക്കരിക്കുകയും സ്ത്രീധനരഹിത വിവാഹങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന മത-സാംസ്കാരിക സംഘടനകൾ റിവിഷൻ പെറ്റീഷനുമായി കോടതിയെ സമീപിക്കേണ്ടതുണ്ട്. ബന്ധപ്പെട്ട സംഘടനകൾ ആ വഴിക്കു നീങ്ങുമെന്ന് പ്രതീക്ഷിക്കട്ടെ. ■